## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*227** — 09.03.2017- മറുപടിയ്ക്ക്

## ഛിദ്രശക്തികളുടെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. മുകേഷ്<br>പ്രൊഫ. കെ.യു. അരുണൻ: | | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും<br>നിയമവും സാംസ്കാരികവും<br>പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) സ്വതന്ത്ര ചിന്തകർക്കും സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കുമെതിരെ സങ്കുചിത വർഗ്ഗീയ ശക്തികളുടെ ആക്രമണം വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയിരുന്നോ;<br><br>ബി) ഇത്തരം ഛിദ്രശക്തികൾ പ്രവർത്തനം വ്യാപിപ്പിക്കുന്നത് പ്രതിരോധിക്കാനായി സാംസ്കാരിക സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; | എ)<br>&<br>ബി) | ജ്ഞാനപീഠം ജേതാവ് ശ്രീ. എം.ടി. വാസുദേവൻ നായർ, പ്രമുഖ സംവിധായകനും ചലച്ചിത്ര അക്കാദമി ചെയർമാനുമായ ശ്രീ. കമൽ തുടങ്ങി സ്വതന്ത്ര ചിന്തകർക്കും സാംസ്കാരിക രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവർക്കുമെതിരെ സങ്കുചിത വർഗ്ഗീയ ശക്തികളുടെ ആക്രമണം വർദ്ധിച്ചു വരുന്നത് പരിശോധനാ വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇത്തരം പ്രവണതകളെ ചെറുക്കുന്നതിന് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളെയും സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയ വല്ക്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക |

സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും, മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കു മെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈ യെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബര ത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈ യെടുത്തത്. ഈ പരിപാടി സംസ്ഥാന മൊട്ടാകെ 6000 ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഉതകുന്ന ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ 2017 മാർച്ച് 20 മുതൽ 29 വരെ തൃശ്ശൂരിൽ 'പന്തിഭോജനം' കലാക്യാമ്പും പന്തി ഭോജനവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചി ട്ടുണ്ട്. നമ്മുടെ സാംസ്കാരിക നവോത്ഥാന നായകന്മാരെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര, ചിത്രകലാ ക്യാമ്പ് എന്നിവയിലൂടെ മഹത്തായ ആശയങ്ങളുടെ വിചിന്തനവും ആവിഷ്കാരവും ഉദ്ദേശിക്കുന്നതിനു പുറമെ നാനാതുറകളിലുള്ള ആളുകളെ മത ജാതി പരിഗണന കൂടാതെ പങ്കെടുപ്പിച്ചുകൊണ്ട് പന്തിഭോജനം നടത്താൻ ഉദ്ദേശിക്കുന്നു. ഈ നിലയിൽ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ സന്ദേശം നൽകുന്ന വിധത്തിലായിരിക്കും 'പന്തിഭോജനം' സംഘടിപ്പിക്കുന്നത്.

ഛിദ്രശക്തികളുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനെ പ്രതിരോധിക്കുന്നതിനും വിവിധ സാംസ്കാരിക സാഹിത്യ സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് വരുന്നു. ഗുരുവിന്റെ അദ്വൈതാശ്രമവിളംബരത്തിന്റെ ശതാബ്ദിയാഘോഷങ്ങളും പ്രതിരോധത്തിനു വേണ്ടിയുള്ള ജനതയുടെ ആവിഷ്കാരങ്ങളെക്കുറിച്ചുള്ള സെമിനാറുകളും ആവിഷ്കാര സ്വാതന്ത്ര്യത്തിനു പിൻതുണ നൽകുന്ന രചനകളുടെ പ്രസിദ്ധീകരണങ്ങളും എല്ലാം ഈ ലക്ഷ്യത്തെ മുൻനിർത്തിയുള്ളതാണ്.

സി) സമൂഹത്തെയാകെ ഭീതിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള, യുക്തിചിന്തയെ എതിർക്കുന്ന, ഇത്തരം പ്രവർത്തനങ്ങളെ നിയന്ത്രിക്കാനായി മഹാരാഷ്ട്രയിലെ മാതൃകയിൽ അന്ധവിശ്വാസ വിരുദ്ധ നിയമം രൂപീകരിക്കാൻ തയ്യാറാകുമോ?

സി) അന്ധവിശ്വാസങ്ങളും അതിന്റെ പേരിൽ നടന്നു വരുന്ന ചൂഷണങ്ങളും അനാചാരങ്ങളും അതിക്രമങ്ങളും തടയുക എന്ന ലക്ഷ്യത്തോടെ ഒരു നിയമ നിർമ്മാണം നടത്തുന്നത് സംബന്ധിച്ച വിഷയം സർക്കാർ ആഭ്യന്തര വകുപ്പ് മുഖേന പരിശോധിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ